വിധം ചെറുതായിപ്പോവുക) എന്ന രോഗംകൂടി ഉള്ളതായി ഒരു പഠനത്തിൽനിന്നു വ്യക്തമായി.

മുപ്പത്തെട്ടു വർഷം മുമ്പ് ഹിരോഷിമയിൽ ബോംബിട്ടശേഷം, അണുബോംബിന്റെ നിർമ്മാണം, വിക്ഷേപണം എന്നീ കാര്യങ്ങളിൽ അത്ഭുതാവഹമായ 'പുരോഗതി'മനുഷ്യൻ നേടിക്കഴിഞ്ഞിട്ടുണ്ട്. ആറ്റംബോംബിനെ തുടർന്ന് ഹൈഡ്രജൻ ബോംബും, ന്യൂട്രോൺ ബോംബും രംഗത്തു വന്നുകഴിഞ്ഞു. അണുബോംബിന്റെ വിസ്ഫോടനശക്തി അളന്നിരുന്നതു് 'കിലോടൺ' (ആയിരം ടൺ) കണക്കിലാണ്; ഇന്നു വിസ്ഫോടനശക്തി അളക്കുന്ന യൂണിററ് 'മെഗാടൺ' (പത്തു ലക്ഷം ടൺ) ആയിരിക്കുന്നു. ഹിരോഷിമാ ബോംബിന്റെ നൂറു കോടി ആറു ലക്ഷം ഇരട്ടി വിസ്ഫോടനശക്തി മൊത്തം ഉള്ള അമ്പതിനായിരത്തോളം അണുബോംബുകൾ ഇപ്പോൾ അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ കൈവശമുണ്ട്. ഹിരോഷിമാ ബോംബ് ചുമന്നുകൊണ്ടുപോകാൻ വിമാനം വേണമായിരുന്നു. ഇന്നു പല വിധത്തിലുള്ള റോക്കററുകളും, കപ്പലുകളും, ടാങ്കുകളും, പീരങ്കികൾപോലും അണുബോംബുകളെ ലക്ഷ്യങ്ങളിൽ തെററാതെ വിക്ഷേപിക്കുന്നതിനു തയ്യാറാക്കപ്പെട്ടിരിക്കുന്നു.

അണുബോംബിനു മുപ്പത്തെട്ടു വയസ്സു തികയുന്ന അവസരത്തിൽ ഈ ഭയാനക സത്യങ്ങളെ കുറിച്ചു നാം ഓർക്കുന്നതു നന്ന്.

(ഈ ലേഖനത്തിലെ വസ്തുതകൾക്ക് ഞാൻ ജോനാഥൻ ഷെല്ലിന്റെ 'ദി ഫെയ്ററ് ഓഫ് ദി എർത്ത്' (1982) എന്ന പുസ്തകത്തോടു കടപ്പെട്ടിരിക്കുന്നു.)

(19 ജൂൺ, 1983)

# 4. ശീതയുദ്ധം ശക്തിപ്പെടുന്നു

1983 ഓഗസ്റ്റ് 31—ാം തീയതി രാത്രി ന്യൂയോർക്കിലെ കെന്നഡി എയർപോർട്ടിൽനിന്നു യാത്രക്കാരും ജോലിക്കാരും അടക്കം 269 ആളുകൾ കയറിയ ഒരു ജംബോജെററ് വിമാനം, ഉത്തരധ്രുവത്തിനു മുകളിലൂടെ, വടക്കെ ശാന്തസമുദ്രം വഴി, ദക്ഷിണ കൊറിയയുടെ തലസ്ഥാനമായ സിയൂളിലേക്കു യാത്രയാരംഭിച്ചു. കൊറിയാ എയർലൈൻസിന്റേതായിരുന്ന ഈ 'ബൂയിങ്ങ് 747' വിമാനത്തിൽ 76 കൊറിയക്കാരും 60 അമേരിക്കക്കാരും 28 ജപ്പാൻകാരും ഒരു ഇന്ത്യാക്കാരനും വേറെ എട്ടു രാജ്യക്കാരും യാത്രചെയ്തിരുന്നു. അമേരിക്കൻ യാത്രക്കാരുടെ കൂട്ടത്തിൽ ഒരാൾ അമേരിക്കൻ കോൺഗ്രസ്സിലെ ഒരു അംഗമായിരുന്നു. വിമാനത്തിന് പുറപ്പെട്ടപ്പോൾ യാതൊരു തകരാറും ഉണ്ടായിരുന്നില്ല. പൈലട്ട് പരിചയസമ്പന്നനായിരുന്നു.

വിമാനം അമേരിക്കയുടെ ഒരു സ്റ്റേററ് ആയ അലാസ്ക്കയിലെ ആങ്കറേജ് വിമാനത്താവളത്തിലിറങ്ങി എണ്ണ നിറച്ചു. ജാപ്പനീസ് സമയപ്രകാരം രാത്രി പതിനൊന്നുമണിക്ക് അവിടെനിന്നു പറന്നുയർന്നു. രണ്ടുമണിക്കൂർ കഴിഞ്ഞപ്പോഴേക്കു വിമാനത്തിനു വഴി തെററി. ഇടത്തോട്ട് (തെക്കോട്ടു) നീങ്ങുന്നതിനു പകരം അതു വലത്തോട്ടു (വടക്കോട്ടു) നീങ്ങി. അങ്ങനെ പുലർച്ചെ ഒരു മണിക്ക് അതു സോവ്യററ് യൂണിയന്റെ വക കംചട്ക ഉപദ്വീപിന്റെ മുകളിലൂടെ പറക്കാൻ തുടങ്ങി. ഈ ഉപദ്വീപിൽ ആണ് സോവ്യററ് യൂണിയന്റെ യുദ്ധക്കപ്പലുകളു

ടെയും മുങ്ങിക്കപ്പലുകളുടെയും മിസൈലുകളുടെയും താവളമായ പെട്രോപവ്ലോവസ്ക്. കൊറിയൻ വിമാനം ഈ താവളത്തിനു മീതെക്കൂടി പറന്നിരിക്കണം. രണ്ടര മണിക്കൂറോളം സോവ്യററ് യൂണിയന്റെ കര—കടൽ അതിർത്തിക്കു മുകളിലൂടെ, മേഘങ്ങൾക്കു മീതെ, 32000 അടിവരെ ഉയരത്തിൽ, ഈ കൊറിയൻ യാത്രാവിമാനം പറന്നു. ഒടുവിൽ ജപ്പാൻ ദ്വീപസമൂഹത്തിലെ ഹൊക്കൈഡോവിലേക്കു തലനീട്ടിക്കിടക്കുന്ന സോവ്യററ് യൂണിയന്റേതായ സഖാലിൻ ഉപദ്വീപിലെ കോർസക്കോവ് നാവികത്താവളത്തിനു മീതെ പറന്ന് ജപ്പാൻ കടലിലേക്കു പ്രവേശിക്കുംമുമ്പ്, രാവിലെ ജപ്പാൻ സമയം 3.38—ന് ഈ വിമാനം താഴോട്ടു വീഴാൻ തുടങ്ങി. പന്ത്രണ്ടു മിനിററുകൾക്കകം അതിന്റെ പ്രതിബിംബം ജാപ്പനീസ് റഡാറുകളിൽ കാണാനായി.

ഒരു റഷ്യൻ യുദ്ധവിമാനം ഈ കൊറിയൻ യാത്രാവിമാനത്തെ വടക്കെ ശാന്തസമുദ്രത്തിന്റെ മുകളിൽവച്ചു വെടിവച്ചിടുകയാണുണ്ടായതെന്ന് അമേരിക്കൻ സ്റേററ് സെക്രട്ടറി ജോർജ് ഷുൾട്ട്സ് സെപ്തംബർ ഒന്നാം തീയതി പ്രഖ്യാപിച്ചു. തുടർന്ന്, നടന്നതെന്തെന്ന് ഉടനെയും വിശദമായും അറിയിക്കാൻ സോവ്യററ് റഷ്യയോട് അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ ആവശ്യപ്പെട്ടു. ദക്ഷിണ കൊറിയയും സോവ്യററ് യൂണിയനും തമ്മിൽ നയതന്ത്രങ്ങൾ ഇല്ല. അതിനാൽ, വിമാനത്തിന്റെ ഉടമയായ ദക്ഷിണകൊറിയയ്ക്കുവേണ്ടി, അതിന്റെ വിവരം അന്വേഷിച്ച ജാപ്പനീസ് ഉദ്യോഗസ്ഥനോട് റഷ്യൻ വിദേശമന്ത്രാലയം അറിയിച്ചതു്, ഈ വിമാനത്തെപ്പററി തങ്ങൾക്ക് ഒന്നും അറിയില്ലെന്നായിരുന്നു. എങ്കിലും സോവ്യററ് യൂണിയന്റെ ഔദ്യോഗിക വിശദീകരണം അധികം വൈകാതെ ടാസ് വാർത്താ ഏജൻസിയുടെ ഒരു റിപ്പോർട്ടിന്റെ രൂപത്തിൽ പുറത്തുവന്നു. തങ്ങൾ തിരിച്ചറിയാത്ത ഒരു വിമാനം ശാന്തസമുദ്രപ്രദേശത്തുനിന്ന് കംചട്ക, സഖാലിൻ എന്നീ റഷ്യൻ പ്രദേശങ്ങൾക്കുമീതെ രണ്ടു തവണ അതിക്രമിച്ചു കടന്നുവെന്നും, ഈ വിമാനത്തിന്റെ വിളക്കുകൾ കത്തിയില്ലെന്നും, റേഡിയോവിലൂടെ അയച്ച സന്ദേശങ്ങൾക്കൊന്നും വിമാനം മറുപടി നല്കിയില്ലെന്നും, അതിനെ അടുത്ത വിമാനത്താവളത്തിലേക്കു നയിച്ച് അവിടെ ഇറങ്ങുന്നതിനു സഹായിക്കുവാൻ അയച്ച റഷ്യൻ യുദ്ധവിമാനങ്ങളെ ഈ അജ്ഞാതവിമാനം അവഗണിക്കുകയാണുണ്ടായതെന്നും പിന്നീടതു് ജപ്പാൻ കടലിലേക്കു പറന്നുപോയി എന്നും ആയിരുന്നു ടാസ് റിപ്പോർട്ടിന്റെ ചുരുക്കം.

കൊറിയൻ വിമാനം 269 ആളുകളോടൊപ്പം കടലിൽത്താഴ്ന്നിട്ട് ഇപ്പോൾ രണ്ടാഴ്ചകളായി. ഇരുപത്തിനാലു ദിവസങ്ങളിലും ലോകപത്രങ്ങൾക്ക് ഈ ദുരന്തം നെടുങ്കൻ തലക്കെട്ടുകൾ നൽകിപ്പോരുന്നുമുണ്ട്. കോടിക്കണക്കിനു വാക്കുകൾ ഈ വിമാനാപകടത്തെപ്പററി എഴുതപ്പെട്ടു കഴിഞ്ഞു. സത്യം മറച്ചുവയ്ക്കുന്നതിനും വളച്ചൊടിക്കുന്നതിനും ദുർവ്യാഖ്യാനിക്കുന്നതിനും രാഷ്ട്രങ്ങൾക്കുള്ള ഉളുപ്പില്ലായ്മ ഒഴിച്ചാൽ, വളരെയൊന്നും വസ്തുതകൾ ഈ വാക്പ്രളയത്തിൽനിന്ന് ഇനിയും ഉരുത്തിരിഞ്ഞുകിട്ടിയിട്ടില്ല.

മനസ്സിലായേടത്തോളം കാര്യങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം. കംചട്ക മുതൽ, സോവ്യററ് യൂണിയന്റെ ശാന്തസമുദ്രത്തിലെ കടൽപ്പടയുടെ താവളമായ വ്ളാദിവസ്റ്റക്‌വരെയുള്ള കടൽത്തീരം അത്യന്തം തന്ത്രപ്രാധാന്യമുള്ളതും, അണുആയുധങ്ങളടക്കം പല ആയുധങ്ങളും അവ ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള മിസൈലുകൾ, വിമാനങ്ങൾ, മുങ്ങിക്കപ്പലുകൾ, കപ്പലുകൾ എന്നീ വാഹനങ്ങളെക്കൊണ്ടു സുസജ്ജവുമാണ്. ഈ ആയുധവിന്യാസത്തെപ്പററി സൂക്ഷ്മവിവരങ്ങൾ നിരന്തരമായി അറിഞ്ഞുകൊണ്ടിരിക്കേണ്ടതു് അമേരിക്കയുടെയും അമേരിക്കയുടെ കിഴക്കേ

ബന്ധുരാഷ്ട്രമായ ജപ്പാന്റെയും ആവശ്യമാകുന്നു. അതിനാൽ ഉപഗ്രഹങ്ങൾ, വിമാനങ്ങൾ, കപ്പലുകൾ മുതലായവ ഉപയോഗിച്ചുള്ള ചാരപ്രവർത്തനം അനുസ്യൂതമായി ഈ പ്രദേശത്തു നടന്നുവരുന്നുണ്ട്. ഇക്കാരണത്താൽതന്നെ, ഈ പ്രദേശത്തു മറ്റൊരു രാജ്യത്തിന്റെ വിമാനമോ, കപ്പലോ അനുവാദമില്ലാതെ പ്രവേശിക്കുന്നതിനെ സോവ്യറ്റ് യൂണിയൻ അത്യന്തം അസഹിഷ്ണുതയോടെയാണു വീക്ഷിച്ചുവരുന്നത്.

ഓഗസ്റ്റ് 21–ാം തീയതി രാത്രി. കൊറിയൻ വിമാനം തകർന്നു വീഴുന്നതിനു രണ്ടു മണിക്കൂർ മുമ്പ്, അതേ ഇനത്തിൽപ്പെട്ട ഒരു അമേരിക്കൻ യുദ്ധവിമാനം ഈ പ്രദേശത്തു് സോവ്യറ്റ് ആകാശാതിർത്തിക്കു തൊട്ടുപുറത്തു് ചുറ്റിപ്പറക്കുന്നുണ്ടായിരുന്നു. 'ശത്രു' വിമാനങ്ങളുടെ ഇത്തരം പറക്കലുകൾ അവിടെ സാധാരണമാണ്.

1978–ൽ പാരീസിൽനിന്ന് ഉത്തരധ്രുവത്തിനു മുകളിലൂടെ സിയൂളിലേക്കുള്ള യാത്രയിൽ ഇതേ വഴിയിൽ പറന്ന് സോവ്യറ്റ് യൂണിയന്റെ ആകാശാതിർത്തി ലംഘിച്ച ഒരു കൊറിയൻ യാത്രാവിമാനത്തെ സോവ്യറ്റ് യുദ്ധവിമാനങ്ങൾ നിർബന്ധിച്ച് സോവ്യറ്റ് യൂണിയനിൽപ്പെട്ട മുർമാൻസ്കിൽ ഇറക്കി. മഞ്ഞുറഞ്ഞുകിടക്കുന്ന ഒരു തടാകത്തിൽ ഇറങ്ങിയ ഈ വിമാനത്തിലെ രണ്ടു യാത്രക്കാർ അപകടത്തിൽപ്പെട്ടു മരിച്ചുപോയി.

അണു–ആയുധങ്ങൾ ഘടിപ്പിച്ച ഭൂഖണ്ഡാന്തര റോക്കറ്റുകൾ ഉപയോഗിച്ച് സോവ്യറ്റ് റഷ്യയ്ക്കെതിരെ ഒരു ആക്രമണം അമേരിക്ക എന്നെങ്കിലും നടത്തുന്നപക്ഷം, ആ റോക്കറ്റുകൾ പാഞ്ഞുവരുക, ഏറെക്കുറെ, കൊറിയൻ വിമാനം പറന്ന വഴിയിലൂടെയായിരിക്കും. അതിനാൽ അമേരിക്കൻ ഭൂഖണ്ഡാന്തര റോക്കറ്റുകൾക്കെതിരായ പ്രതിരോധനിര സോവ്യറ്റ് യൂണിയൻ പടുത്തുയർത്തിയിട്ടുള്ളത് കംചട്ക ഉപദ്വീപിലാണ്. ഈ ഉപദ്വീപിലെ പെട്രോപവ്ലോവസ്കിൽ സോവ്യറ്റ് യൂണിയന്റെ അണു–ആയുധ സജ്ജീകൃത മുങ്ങിക്കപ്പലുകളുടെ ഒരു വലിയ താവളമുണ്ട്. സഖാലിൻ ദ്വീപിൽ രണ്ടു വിമാനത്താവളങ്ങളുമുണ്ട്. സോവ്യറ്റ് യൂണിയന്റെ ജെറ്റ് വിമാനങ്ങളുടെ ഒരു വ്യൂഹത്തെ സ്ഥിരമായി നിർത്തിയിട്ടുള്ളത് സഖാലിൻ ദ്വീപിലാണ്. കംചട്കയിൽ നിന്ന് ജപ്പാൻവരെ നീണ്ടുകിടക്കുന്ന കുറൈൽ ദ്വീപശൃംഖലയിലും സോവ്യറ്റ് യൂണിയൻ ഒരു പ്രതിരോധദുർഗ്ഗനിര കെട്ടിപ്പടുത്തിട്ടുണ്ട്. ഈ ദ്വീപുകളിലൊന്നായ ഇതുരുപ്പിൽ സോവ്യറ്റ് യൂണിയന്റെ ഒരു വിമാനത്താവളമുണ്ട്. ഇവയുടെയെല്ലാം മുകളിലൂടെയാണ് കൊറിയയുടെ പ്രസ്തുത യാത്രാവിമാനം രണ്ടര മണിക്കൂറോളം പറന്നിരുന്നത്. ഇൻഫ്രാറെഡ് ഫോട്ടോഗ്രാഫിക്കാവശ്യമായ ഉപകരണങ്ങൾ ഉണ്ടെങ്കിൽ, ഈ പ്രദേശങ്ങളിലെ പ്രതിരോധ സജ്ജീകരണങ്ങളുടെ വിശദങ്ങളായ ചിത്രങ്ങളെടുക്കാൻ കൊറിയൻ യാത്രാവിമാനത്തിനു കഴിയുമായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല.

സഖാലിൻ ദ്വീപിൽനിന്നു പറന്നു പൊന്തിയ ഒരു സോവ്യറ്റ് യുദ്ധവിമാനം അയച്ച രണ്ടു മിസൈലുകളിൽ ഒന്ന് ഏറ്റാണ് കൊറിയൻ വിമാനം തകർന്നു കടലിൽ വീണതെന്ന് ഇതിനകം മനസ്സിലായിട്ടുണ്ട്. ഈ യുദ്ധവിമാനം അടുത്തെത്തുമ്പോൾ കൊറിയൻ യാത്രാവിമാനം സോവ്യറ്റ് അതിർത്തിയിൽനിന്നു പുറത്തു കടക്കാനുള്ള ബദ്ധപ്പാടിലായിരുന്നു. സോവ്യറ്റ് പ്രദേശത്തു്, താഴെ ഇറങ്ങണമെന്നറിയിക്കാൻ നാല് നില ട്രെയ്സർ ബുള്ളറ്റുകൾ കൊറിയൻ വിമാനത്തിന്റെ മുമ്പിലൂടെ സോവ്യറ്റ് യുദ്ധവിമാനത്തിൽനിന്നു പ്രയോഗിക്കുകയുണ്ടായി. പക്ഷേ, കൊറിയൻ വിമാനം ഈ കല്പന അനുസരിക്കാതെ അതേ ഉയരത്തിൽ മുന്നോട്ടു പറന്നു. അതൊരു ചാരവിമാനം, ഒരുപക്ഷേ, ബോംബർ

വിമാനം ആണെന്നു റഷ്യൻ വൈമാനികർ കരുതിയിരിക്കാം. വിമാനം സോവ്യററ് അതിർത്തിക്കുള്ളിൽ ഇറക്കണമെന്ന് കൊറിയൻ പൈലട്ടിനെ അറിയിക്കുന്നതിനുള്ള എല്ലാ അടയാളങ്ങളും തങ്ങൾ കാണിച്ചതായി റഷ്യൻ വൈമാനികർ പറയുന്നുണ്ട്. കൊറിയൻ വിമാനത്തിൽ വിളക്കുകൾ ഉണ്ടായിരുന്നില്ലെന്ന് റഷ്യക്കാരും, ഉണ്ടായിരുന്നുവെന്ന് അമേരിക്കക്കാരും പറയുന്നു. വാസ്തവം ഏതാണെന്നറിഞ്ഞുകൂടാ. ഏററവും ഉന്നതതലത്തിൽനിന്നുള്ള കല്പന ലഭിച്ച ശേഷമാണു റഷ്യൻ വൈമാനികർ കൊറിയൻ യാത്രാവിമാനത്തെ ചൂടു തേടിച്ചെല്ലുന്ന മിസൈലുകൾ ഉപയോഗിച്ചു വീഴ്ത്തിയതു് എന്നു വിശ്വസിക്കാൻ ന്യായമുണ്ട്.

കൊറിയൻ യാത്രാവിമാനം ന്യൂയോർക്കിൽനിന്നു പുറപ്പെട്ടതു മുതൽ കടലിൽ തകർന്നു വീഴുംവരെ, അതിനെ അമേരിക്കൻ—ജാപ്പനീസ് റഡാറുകൾ ഇടവിടാതെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നതാണു പ്രസ്താവ്യമായ മറെറാരു വസ്തുത. സോവ്യററ് ആകാശാതിർത്തിയിൽ കൊറിയൻ വിമാനം കടന്നശേഷം രണ്ടര മണിക്കൂർ സമയത്തോളം ഈ വിമാനത്തെപ്പററി റഷ്യൻ വൈമാനികർ തമ്മിൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ജപ്പാൻകാർ റിക്കാർഡ് ചെയ്തിട്ടുണ്ട്. കൊറിയൻ വിമാനത്തിനു വഴി തെററിപ്പോകാൻ യാതൊരു സാദ്ധ്യതയുമില്ലെന്നും, ദിശാനിർണയത്തിനു് ആ വിമാനത്തിലുള്ള ഏർപ്പാടുകൾ തികച്ചും കുററമററവയായിരുന്നുവെന്നും പറയപ്പെടുന്നു. ഇടയ്ക്കുണ്ടായ യന്ത്രത്തകരാറുകൾ കൊണ്ട് വിമാനത്തിനു വഴിയറിയാതായിത്തീർന്നതാണെങ്കിൽ, അതിനെ ശരിയായ വഴിയിലേക്കു നയിക്കുവാൻ അമേരിക്കക്കാരുടെയോ, ജപ്പാൻകാരുടെയോ വാർത്താവിതരണസംവിധാനങ്ങൾ എന്തുകൊണ്ടു യത്നിച്ചില്ല എന്ന ചോദ്യം പലരും ഉന്നയിച്ചിട്ടുള്ളതാണ്. ഇതിനു ശരിയായ ഉത്തരം ലഭിച്ചിട്ടില്ല.

എത്രയേറെ പ്രകോപനങ്ങൾ ഉണ്ടായിരുന്നാലും 269 മനുഷ്യർ കയറിയ ഒരു യാത്രാവിമാനം കരുതിക്കൂട്ടി വെടിവെച്ചുവീഴ്ത്തപ്പെട്ടതു് ലോകമനസ്സാക്ഷിയെ നടുക്കിക്കളഞ്ഞു. ഇത്രയേറെ നിരപരാധികളുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തിൽ സോവ്യററ് യൂണിയന്റെ മിത്രരാഷ്ട്രങ്ങൾ ഖേദം രേഖപ്പെടുത്തി. സോവ്യററ് യൂണിയന്റെ ശത്രുരാഷ്ട്രങ്ങൾ ആകട്ടെ, ഈ സംഭവത്തിൽനിന്നു പരമാവധി മുതലെടുക്കാൻ ശ്രമിച്ചു. അതു സ്വാഭാവികം മാത്രമാണുതാനും. യാത്രാവിമാനം വെടിവെച്ചു വീഴ്ത്തിയ സോവ്യററ് റഷ്യ പരസ്യമായി മാപ്പു പറയുകയും, മരിച്ചുപോയവരുടെ ബന്ധുക്കൾക്കു് ഉചിതമായ നഷ്ടപരിഹാരം നൽകുകയും വേണമെന്ന് ദക്ഷിണകൊറിയ ആവശ്യപ്പെട്ടു. ഈ ആവശ്യത്തെ മിക്ക ലോകരാഷ്ട്രങ്ങളും പിന്താങ്ങിയിട്ടുണ്ട്. റഷ്യ സത്യം മറച്ചുവയ്ക്കുന്നതിൽ അമേരിക്കയ്ക്കു കഠിനമായ പ്രതിഷേധമുണ്ട്. ക്രൂരമായ ഈ നടപടിക്കു് റഷ്യയെ ശിക്ഷിക്കണമെന്ന് അമേരിക്ക ആഗ്രഹിക്കുന്നു. റഷ്യയുടെ ഏറോഫ്ളോട്ട് എന്ന വിമാനക്കമ്പനിയുടെ വിമാനങ്ങൾ തങ്ങളുടെ പ്രദേശങ്ങളിൽ ഇറങ്ങാൻ അനുവാദം നിഷേധിക്കണമെന്ന് അമേരിക്ക സുഹൃദ്‌രാഷ്ട്രങ്ങളോടു് ആവശ്യപ്പെട്ടിട്ടുണ്ട്. സോവ്യററ് യൂണിയൻ പോളണ്ടിൽ ഇടപെട്ടതിനെത്തുടർന്ന് ഈ സൗകര്യം ഏറോഫ്ളോട്ടിനു് അമേരിക്ക നിഷേധിച്ചിരിക്കുകയാണ്. മററു ചില രാജ്യങ്ങളും ഇപ്പോൾ അങ്ങനെ ചെയ്തിട്ടുണ്ട്. ആധുനിക യന്ത്രോപകരണങ്ങൾ സോവ്യററ് യൂണിയനിലേക്കു കയററി അയയ്ക്കുന്നതും അമേരിക്ക നിർത്തലാക്കിയിരിക്കുന്നു. കമ്യൂണിസ്ററ് രാജ്യങ്ങൾക്കു് അമേരിക്കൻ ബാങ്കുകൾ നൽകിയ വമ്പിച്ച കടം ഉടനടി തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുകയും തിരിച്ചടയ്ക്കാത്ത രാജ്യങ്ങളുമായി എല്ലാ സാമ്പത്തികബന്ധങ്ങളും വിച്ഛേദിക്കുകയും വേണമെന്ന ഒരാവശ്യം അമേരിക്കയിൽ ഉയർന്നുവന്നി

ട്ടുണ്ട്. ഇങ്ങനെ ചെയ്യുന്നപക്ഷം പോളണ്ട്, റുമേനിയ മുതലായ ചില കമ്യൂണിസ്ററ് രാജ്യങ്ങളെങ്കിലും തൽക്കാലത്തേക്ക വല്ലാതെ കഷ്ടപ്പെടും. ഇമ്മാതിരി ചില പ്രതികാരനടപടികളെല്ലാം കൈക്കൊള്ളുന്നുണ്ടെങ്കിലും, റഷ്യയുമായി നയതന്ത്രബന്ധം വിച്ഛേദിക്കാനോ, അണു—ആയുധ നിയന്ത്രണം സംബന്ധിച്ച് ജനീവയിൽ നടത്തിവരുന്ന സംഭാഷണങ്ങൾ അവസാനിപ്പിക്കാനോ ഒന്നും അമേരിക്ക തയ്യാറായിട്ടില്ല.

അതേസമയം സോവ്യററ് യൂണിയനെതിരായ പ്രചാരവേല അമേരിക്കയിലും ജപ്പാനിലും പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങളിലും ശക്തിപ്പെട്ടിരിക്കുകയാണ്. ഈ പ്രചാരവേലയുടെ മുഖ്യമായ ലക്ഷ്യം ത്വരിതഗതിയിലുള്ള അണു—ആയുധവൽക്കരണത്തിന് എതിരായി ജനാധിപത്യരാജ്യങ്ങളിലെ വലിയ ജനവിഭാഗങ്ങൾ സംഘടിപ്പിച്ചു നടത്തിവരുന്ന പ്രസ്ഥാനങ്ങളുടെ ശക്തി ക്ഷയിപ്പിക്കലാണെന്നു തോന്നുന്നു. എം. എക്സ്. എന്ന ക്രൂററൻ മിസൈലുകളുടെ നിരകൾ സ്ഥാപിക്കുന്നതിനും രാസ—യുദ്ധായുധങ്ങൾ നിർമിക്കുന്നതിനും റെയ്ഗൻ ഉന്നയിച്ചിട്ടുള്ള വമ്പിച്ച ചെലവു വരുന്ന പദ്ധതികൾക്ക് അമേരിക്കൻ കോൺഗ്രസ്സിനകത്തുതന്നെ ശക്തമായ എതിർപ്പുണ്ട്. ഈ വർഷാവസാനം പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങളിൽ അമേരിക്കൻ മിസൈലുകൾ സ്ഥാപിക്കുമെന്നാണു കരുതേണ്ടതു്. ഇതിനെതിരായി വ്യാപകമായ ഒരു അഹിംസാത്മകപ്രസ്ഥാനം യൂറോപ്പിലെങ്ങും ശക്തിപ്പെട്ടുവരികയാണ്. പള്ളിമേധാവികളും സ്ത്രീകളുമാണ് ഈ പ്രസ്ഥാനത്തിനു നേതൃത്വം നല്കുന്നതു്. 'റഷ്യൻ ഭീകരത'യ്ക്കെതിരേ ശക്തമായ പ്രതിരോധം സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യം ജനങ്ങൾക്ക ബോദ്ധ്യപ്പെടുത്തി ഈ പ്രസ്ഥാനത്തെ വേരോടെ പിഴുതുകളയാനല്ലെങ്കിൽ അതിന്റെ ഉശിരു കെടുത്താനെങ്കിലും കഴിയുമെന്നാണ് കരുതപ്പെടുന്നതു്. സോവ്യററ് യൂണിയനും അമേരിക്കയും തമ്മിൽ രണ്ടാമത്തെ ശീതയുദ്ധം ശക്തിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ ശീതയുദ്ധത്തിന്റെ പിരിമുറുക്കം പരമാവധി വർദ്ധിപ്പിക്കാൻ കൊറിയൻ വിമാനദുരന്തത്തെ പ്രസിഡണ്ട് റെയ്ഗനും അദ്ദേഹത്തിന്റെ സഹായികളും ഉപയോഗപ്പെടുത്താതിരിക്കയില്ല. എങ്കിലും, ശീതയുദ്ധം ഉഷ്ണയുദ്ധമായി മാറാതിരിക്കുവാൻ അവർ കരുതലെടുക്കുകയും ചെയ്യും. കാരണം, മൂന്നാം മഹായുദ്ധത്തിന് ഇനിയും സമയമായിട്ടില്ല. വേണ്ടത്ര സന്നാഹങ്ങൾ ഇരുകൂട്ടരും ചെയ്തുകഴിഞ്ഞിട്ടില്ല. ഇനിയൊരു ലോകയുദ്ധം ഉണ്ടാവുകയാണെങ്കിൽ അതു് 1985—ലാവുമെന്നാണ് പൊതുവേയുള്ള കണക്കുകൂട്ടൽ.

കൊറിയൻ യാത്രാവിമാനത്തെ വെടിവച്ചു വീഴ്ത്തുമ്പോൾ സോവ്യററ് റഷ്യ ഉദ്ദേശിച്ചതെന്തായിരുന്നു? അതിർത്തി ലംഘിക്കുന്ന ആരെയും തങ്ങൾ വെറുതെ വിടുകയില്ലെന്നു ശത്രുക്കളെ, പ്രത്യേകിച്ച് കിഴക്ക് ശക്തി നേടിവരുന്ന ജപ്പാനെ, അസന്ദിഗ്ദ്ധമായി അറിയിക്കുകയായിരുന്നുവോ അവരുടെ ലക്ഷ്യം? അതാണു വാസ്തവമെന്നു വിശ്വസിക്കുന്നവർ കുറവല്ല.

വിമാനത്തെ തങ്ങൾ വെടിവച്ചു നശിപ്പിച്ചതായിരുന്നു എന്ന് എന്തുകൊണ്ട് സോവ്യററ് യൂണിയൻ ഉടൻ സമ്മതിച്ചില്ല? വിമാനം വീണതായി കരുതപ്പെടുന്ന സ്ഥലത്തു്, കടലിൽ റഷ്യയുടെ കപ്പലുകളും ഹെലികോപ്ററുകളും പിന്നീട് കേന്ദ്രീകരിച്ചിരുന്നതായി പത്രറിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കടലിലാണ്ടുപോയ വിമാനം ഉയർത്തി എടുക്കാൻ സോവ്യററ് യൂണിയൻ കഴിവുകൾ മുഴുവൻ ഉപയോഗിച്ച് യത്നിച്ചിരിക്കണം. അതു് ഉയർത്താൻ കഴിഞ്ഞാൽ ചാരപ്പണിക്കുവേണ്ടി അതിൽ ഘടിപ്പിച്ചിരിക്കാവുന്ന സംവിധാനങ്ങൾ പുറത്തെടുത്തു ലോകസമക്ഷം പ്രദർശിപ്പിക്കാമല്ലോ. അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽ കൊറിയൻ

വിമാനത്തിലെ നിരപരാധികളായ യാത്രക്കാരുടെ മരണത്തിനുള്ള ഉത്തരവാദിത്തം ആ യാത്രാവിമാനത്തെ നിയമവിരുദ്ധമായി ചാരവേലയ്ക്കു നിയോഗിച്ച അമേരിക്കയുടെ തലയിൽത്തന്നെ വന്നുവീഴുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, വിമാനാപകടത്തിൽ മരിച്ച ഏതാനും പേരുടെ ചില ശരീരഭാഗങ്ങളല്ലാതെ വിമാനമോ അതിലെ പ്രസക്തങ്ങളായ ചാരവൃത്തിസംവിധാനങ്ങളോ ഇനിയും ശാന്തസമുദ്രത്തിന്റെ അഗാധതയിൽനിന്നു പുറത്തുവന്നിട്ടില്ല!

(14 സെപ്തംബർ, 1983)

# 5. റംഗൂണിൽ ടൈംബോംബ്

1983 സെപ്തംബർ ഒന്നാം തീയതി വെളുപ്പിനു് റഷ്യൻ യുദ്ധവിമാനങ്ങൾ വെടിവെച്ചു് ജപ്പാൻ കടലിൽ വീഴ്ത്തിയ ദക്ഷിണ കൊറിയൻ യാത്രാവിമാനം സോവ്യറ്റ് യൂണിയന്റെ കിഴക്കേ അതിർത്തിയിലുള്ള മർമ്മപ്രധാനങ്ങളായ കപ്പൽ—വിമാനത്താവളങ്ങൾക്കു മുകളിലൂടെ പറന്നതു്, യഥാർത്ഥത്തിൽ അമേരിക്കയ്ക്കുവേണ്ടി ചാരപ്പണി നടത്തുന്നതിനാണോ എന്ന ചോദ്യത്തിനു സംശയാതീതമായ മറുപടി ഇനിയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഇപ്പോഴിതാ, ഒക്ടോബർ ഒമ്പതാം തീയതി രാവിലെ, ബർമയുടെ തലസ്ഥാനമായ റംഗൂണിലെ ദേശീയശ്മശാനത്തിൽ ഉണ്ടായ ഒരു ബോംബ്സ്ഫോടനത്തിൽ തെക്കൻ കൊറിയയുടെ ഡെപ്യൂട്ടി പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, വാണിജ്യ—വ്യവസായ മന്ത്രി, ഊർജമന്ത്രി എന്നിവരടക്കം കൊറിയക്കാരും ബർമക്കാരുമായി പത്തൊമ്പതുപേർ മരിക്കുകയും നാല്പത്തെട്ടാളുകൾക്കു പരുക്കു പറ്റുകയും ചെയ്തിരിക്കുന്നു. ഈ പൊട്ടിത്തെറിക്കു് ഉത്തരവാദികൾ ആരെന്നു വ്യക്തമായിട്ടില്ല.

ക്രൂരമായ ഈ സ്ഫോടനത്തിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. തെക്കൻകൊറിയയുടെ പ്രസിഡണ്ടു് ജനറൽ ചുൻ ഡൂഹ്വാനെയും പത്നിയെയും അദ്ദേഹത്തിന്റെ പ്രധാന സഹപ്രവർത്തകരെയും അദ്ദേഹത്തോടൊപ്പം സന്നിഹിതരാവാൻ സാധ്യതയുള്ള ബർമയിലെ ഭരണാധികാരികളെയും കൊലപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമായിരുന്നു റംഗൂണിലെ രക്തസാക്ഷി സ്മാരകത്തിൽ നടന്ന പൊട്ടിത്തെറി.

ബർമ, ഇന്ത്യ, ശ്രീലങ്ക, ഓസ്ട്രേലിയ, ന്യൂസിലൻഡ് രാജ്യങ്ങളിൽ ഒരു സൗഹൃദപര്യടനം നടത്തുന്നതിനു തലേന്നു് സ്വന്തം തലസ്ഥാനത്തുനിന്നു പരിവാരസമേതം ഇറങ്ങിത്തിരിച്ച ചുൻ ഡൂഹ്വാൻ ബർമയിൽ തന്റെ പരിപാടി ആരംഭിക്കുമ്പോഴാണു് ഈ അത്യാഹിതം ഉണ്ടായതു്.

ബർമയുടെ ദേശീയനേതാവും ബർമീസ് സ്വാതന്ത്ര്യത്തിന്റെ ശില്പിയുമായ ഓങ്സാന്റെ ശവകുടീരത്തിൽവച്ചാണു് ഈ പൊട്ടിത്തെറി നടന്നതെന്ന വസ്തുത അതിന്റെ ദാരുണത വർദ്ധിപ്പിക്കുന്നു. രണ്ടാം മഹായുദ്ധകാലത്തു് യുവാവായിരുന്ന ഓങ്സാൻ ജപ്പാൻകാരുടെ ഭാഗത്തു ചേർന്നു് ബ്രിട്ടീഷ്സൈന്യങ്ങൾക്കെതിരെ പൊരുതി ബർമീസ് ജനതയുടെ വീരനേതാവായി ഉയർന്നു. ബ്രിട്ടീഷുകാർ എന്നെന്നേക്കുമായി ബർമ കൈയൊഴിച്ചുപോയപ്പോൾ, യുദ്ധത്തിന്റെ അന്തിമദിനങ്ങളിൽ ഓങ്സാനും അനുയായികളും ജപ്പാനീസ് പട്ടാളത്തിനെതിരെ ഗറില്ലാ